# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 792 — 12.06.2013-ൽ മറുപടിയ്ക്ക്

## ജലസംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജല സംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ അടിസ്ഥാനമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഭൂജല വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ശാസ്ത്രീയമായ ഹൈഡ്രോജിയോളജിക്കൽ സർവ്വേ പൂർത്തീകരിച്ചതിനു ശേഷമാണ് നടപ്പിലാക്കുന്നത്. അതുകൊണ്ടു തന്നെ ഭൂജല സ്രോതസ്സുകളെ ദോഷകരമായി ബാധിക്കാറില്ല. കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുമ്പോഴും നീർത്തടാധിഷ്ഠിതമായ ആസൂത്രണമാണ് അവലംബിക്കാറുള്ളത്. അതിനാൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ വിഭാവനം ചെയ്യുന്ന നീർത്തടാധിഷ്ഠിതമായ ഭൂജല മാനേജ്മെന്റ് ഒരു അളവ് വരെ സാദ്ധ്യമാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ ഭൂജല ഭൃതങ്ങളേയും മാപ്പ് ചെയ്ത് അവയുടെ ശാസ്ത്രീയമായ ഉപഭോഗത്തിനെയും ഒപ്പം സംപോഷണത്തേയും സാദ്ധ്യമാക്കുന്ന രീതിയിലേക്ക് ഇത് മാറേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അക്വിഫർ മാപ്പിംങ് പദ്ധതി ഇതിന്റെ തുടക്കമായി കണക്കാക്കാവുന്നതാണ്. |

| | |
|---|---|
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ പഠനം നടത്തിയിട്ടുണ്ടോ ; | ബി) പഞ്ചായത്തുകളിൽ വ്യാപകമായ രീതിയിൽ ഭൂജലത്തെ അടിസ്ഥാനമാക്കി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു മുമ്പ് ജലനിധി അതാത് പഞ്ചായത്തുകളുടെ വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കാറുണ്ട്. ജലനിധി ആവശ്യപ്പെട്ട പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ 19 ട്രൈബൽ പഞ്ചായത്തുകളുടെ ഇത്തരത്തിലുള്ള പ്ലാൻ ഭൂജല വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഭാവിയിൽ ജലസംരക്ഷണ പദ്ധതികളിൽ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ നിർബന്ധമായും നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ? | ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാനിന്റെ അടിസ്ഥാനം ജലഭൃതങ്ങളുടെ (അക്വിഫർ) സംരക്ഷണമാണ്. 12-ാം പഞ്ചവത്സര പദ്ധതിയിലാണ് കേന്ദ്ര സർക്കാർ അക്വിഫർ മാപ്പിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അത് പൂർത്തിയായതിനു ശേഷം മാത്രമേ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാൻ പൂർണ്ണരീതിയിൽ നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളു. ഭൂജല വകുപ്പും മറ്റ് ഏജൻസികളും നടപ്പിലാക്കുന്ന ഭൂജല പദ്ധതികൾ ഒരു അളവു വരെ ഗ്രൗണ്ട് വാട്ടർ സെക്യൂരിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ